# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1403** **04.12.2014-ൽ മറുപടിക്ക്**

## ദേശീയപാത വികസനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.ദാസൻ** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ;<br>(ബി) സ്ഥലം വിട്ടു നൽകേണ്ടി വരുന്നവരുടെ കാര്യത്തിൽ മുൻധാരണയനുസരിച്ച് വിപണി വില നൽകി കൊണ്ടുള്ള പുനരധിവാസ പാക്കേജ് നടപ്പാക്കാൻ തയ്യാറാണോ എന്നത് വിശദമാക്കാമോ;<br>(സി) പ്രസ്തുത വിഷയത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) & (ബി) & (സി) ദേശീയപാതാ അതോറിറ്റിയുടെ മാർഗ്ഗരേഖ പ്രകാരം ദേശീയപാതയുടെ വീതി (ROW) 60 മീറ്റർ ആണ്. എന്നാൽ കേരളത്തിലെ ജനസാന്ദ്രതയും സ്ഥലമേറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടും പരിഗണിച്ച് ദേശീയ പാതയുടെ വീതി ദേശീയ നിലവാരത്തിലുള്ള 60 മീറ്ററിൽ നിന്നും 45 മീറ്റർ ആയി നിജപ്പെടുത്തുന്നതിന് ദേശീയ പാതാ വികസന അതോറിറ്റി 2010 ൽ സമ്മതിക്കുകയുണ്ടായി. എന്നാൽ ദേശീയ പാത 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ വികസിപ്പിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് എതിരെ ചില കേന്ദ്രങ്ങളിൽ നിന്നും ഉണ്ടായ എതിർപ്പ് കാരണം സ്ഥലമെടുപ്പ് പ്രക്രിയ പരാജയപ്പെട്ട സാഹചര്യത്തിൽ ദേശീയപാതാ വികസനത്തിന് റൈറ്റ് ഓഫ് വേ 30 മീറ്ററായി ഇളവ് ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ അപകട രഹിതവും സുഗമവുമായ യാത്രാ സൗകര്യം ലഭ്യമാക്കേണ്ടതിനാൽ റോഡ് വികസനത്തിൽ 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ ഇളവ് അനുവദിക്കുവാൻ സാധ്യമല്ല എന്ന് കേന്ദ്ര സർക്കാർ |

അറിയിക്കുകയുണ്ടായി. ഇതിനെ തുടർന്ന് 17.08.2010 ലെ സർവ്വകക്ഷി യോഗത്തിന്റെ തീരുമാന പ്രകാരം ദേശീയപാത 45 മീറ്ററിൽ തന്നെ വികസിപ്പിക്കുവാൻ 18.08.2010 ൽ സംസ്ഥാന സർക്കാർ തീരുമാനിക്കുകയുണ്ടായി. എന്നാൽ സ്ഥലമെടുപ്പ് അനിശ്ചിതമായി നീണ്ടു പോകുന്ന സാഹചര്യത്തിൽ ദേശീയപാത 17 ലെ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ദേശീയ പാത 47 ലെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുമുള്ള ഭാഗത്തെ ദേശീയപാതാ വികസനത്തിൽ നിന്നും ദേശീയപാതാ വികസന അതോറിറ്റി പിൻവാങ്ങുകയുണ്ടായി.

കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ മന്ത്രി 04.07.2014 ൽ മുഖ്യമന്ത്രിയ്ക്കയച്ച കത്തിൽ വർദ്ധിച്ച വരുന്ന വാഹന സാന്ദ്രത പരിഗണിച്ച് ദേശീയപാത വികസനം ത്വരിതപ്പെടുത്തണമെന്നുള്ളതിന് സംസ്ഥാന സർക്കാരിന്റെ സഹകരണം ആവശ്യപ്പെടുകയും ദേശീയപാതാ വികസനത്തിനു ആവശ്യമായ 80% ഭൂമി ഏറ്റെടുത്തു നൽകിയാൽ ദേശീയപാത അതോറിറ്റിയുടെ പിൻവാങ്ങൽ തീരുമാനം പുനപരിശോധിക്കാവുന്നതാണെന്നും അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ 23.10.2014 ലെ മന്ത്രിസഭയുടെ തീരുമാന പ്രകാരം 25.10.2014 ലെ സ.ഉ (കൈ). നം.94/2014/ പൊമവ ഉത്തരവു പ്രകാരം ദേശീയപാത 45 മീറ്റർ വീതിയിൽ തന്നെ വികസിപ്പിക്കുന്നതിനും ഇതിനാവശ്യമായ ഭൂമിയുടെ 80% ഏറ്റെടുത്ത് ദേശീയപാതാ അതോറിറ്റിയ്ക്ക് കൈമാറുന്നതിനും, ദേശീയ പാതാ വികസനത്തിൽ നിന്നും പിൻമാറിക്കൊണ്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 05.03.2014, 14.08.2014 എന്നീ തീയതി

| | | | |
|---|---|---|---|
| | | | കളിലെ, വിജ്ഞാപനങ്ങൾ റദ്ദ് ചെയ്യുന്നതിന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. പ്രസ്തുത വിവരം 30.10.2014 ലെ കത്ത് പ്രകാരം ബഹു.മുഖ്യമന്ത്രി ബഹു.കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിയെ അറിയിച്ചിട്ടുണ്ട്. |
| (ഡി) | കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടിയുൾപ്പടെ പല മണ്ഡലങ്ങളിലും പ്രസ്തുത വിഷയത്തിൽ ജനങ്ങളുടെ വ്യാപകമായ എതിർപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ഇ) | ജില്ലാകളക്ടർ മുൻപ് സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ള പുനരധിവാസ പാക്കേജിൽ എന്ത് തീരുമാനമെടുത്തു എന്ന് വിശദമാക്കാമോ? | (ഇ) | 23.10.2014 ലെ മന്ത്രിസഭാ തീരുമാനപ്രകാരം പദ്ധതി ബാധിതർക്ക് നഷ്ടപരിഹാരം നിശ്ചയിക്കുമ്പോൾ CALA, സംസ്ഥാന സർക്കാരിന്റെ R&R പാക്കേജിലെ വ്യവസ്ഥകൾ കൂടി പരിഗണിക്കണമെന്ന് ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ